**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :**5401** **01.07.2019**-ൽ മറുപടിക്ക്

**കോട്ടയം ജില്ലയിലെ റബ്ബർ അധിഷ്ഠിത വ്യവസായപാർക്ക്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി. ജോർജ് | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) കോട്ടയം ജില്ലയിൽ പാറത്തോട് ഗ്രാമപഞ്ചായത്തിൽ ചിറ്റടി എന്ന സ്ഥലത്ത് റബ്ബർ അധിഷ്ഠിത വ്യവസായപാർക്ക് സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്ഥലം ബി.ടി.ആർ. (ബേസിക് ടാക്സ് രജിസ്റ്റർ )-ൽ തോട്ടം എന്ന് രേഖപ്പെടുത്തിയതിനാൽ വ്യവസായപാർക്കിന്റെ നിർമ്മാണത്തിന് സ്ഥലം ഉപയോഗിക്കാൻ കഴിയുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി ബി.ടി.ആർ.-ൽ ആവശ്യമായ മാറ്റം വരുത്തി സഹായിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. വ്യവസായ വകുപ്പ്മന്ത്രിക്ക് നൽകിയ 21.02.2019 ലെ MLA-PNJR/GP/47/2019-20 നമ്പർ കത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (എ),(ബി)&(സി) ഉണ്ട്. ബി.ടി.ആറിൽ ആവശ്യമായ മാറ്റം വരുത്തി നൽകണമെന്ന് ആവശ്യപ്പെട്ട് ബഹു.എം.എൽ.എ 21/02/2019 ൽ നൽകിയ കത്തിന്മേൽ വ്യവസായ വാണിജ്യ ഡയറക്ടറുടെ വ്യക്തമായ മറുപടി ആവശ്യപ്പെട്ടുകയും, റവന്യൂവകുപ്പിന്റെ അഭിപ്രായത്തിനായി ഈ വിഷയത്തിലുള്ള ഇ-ഫയൽ പ്രസ്തുത വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ,റവന്യൂ റെക്കോർഡിൽ (ബേസിക് ടാക്സ് രജിസ്റ്റർ) പ്രസ്തുത സ്ഥലം തോട്ടം എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് മാറ്റാൻ റവന്യൂ അധികാരികൾക്ക് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ടോ; | |
| (സി) ഇല്ലെങ്കിൽ പ്രസ്തുത സംരംഭം തുടങ്ങുന്നതിനാവശ്യമായ അനുകൂല നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | |

**സെക്ഷൻ ഓഫീസർ**